**കേരള സർക്കാർ**

സംഗ്രഹം

സംസ്ഥാന ആയുഷ് ഹെൽത്ത് സൊസൈറ്റിയുടെ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ISM) ന്റെയും സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (Homoeopathy) ടെയും പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു സംയുക്ത പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **223/2018/ധന.** തിരുവനന്തപുരം, തീയതി **10.01.2018**

---

പരാമർശം - കേരള സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 01.12.2017 ലെ NAM/FIN/027/2017/SPMU നമ്പരായുള്ള കത്ത്

**ഉത്തരവ്**

നാഷണൽ ആയുഷ് മിഷന്റെ കീഴിലുള്ള സംസ്ഥാന ആയുഷ് ഹെൽത്ത് സൊസൈറ്റിയുടെ പണമിടപാടുകൾ നടത്തുന്നത് ഇന്ത്യൻ ബാങ്കിലെ അക്കൗണ്ട് വഴിയാണെന്നും പണമിടപാടുകൾ ട്രഷറി വഴിയാക്കുന്നതിനുവേണ്ടി, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ISM) ന്റെയും സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (Homoeopathy) ടെയും പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു സംയുക്ത പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് കേരള സ്റ്റേറ്റ് മിഷൻ ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന ആയുഷ് ഹെൽത്ത് സൊസൈറ്റിയുടെ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ISM) ന്റെയും സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (Homoeopathy) ടെയും പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു സംയുക്ത പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
നാഷണൽ ആയുഷ് മിഷൻ, 5th ഫ്ളോർ, ആരോഗ്യഭവൻ ബിൽഡിംഗ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ആയുഷ് (B) വകുപ്പ് ( e file No: AYUSH-B1/468/2017-AYUSH പ്രകാരം)
ധനകാര്യ (H&L-A) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ